പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5957      09.07.2012 ൽ മറുപടിക്ക്

# കാഞ്ഞങ്ങാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ :

**ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർകോട് ജില്ലയിൽ വിവിധ ഇനം റോഡ് പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചു; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ വിവിധ ഇനം റോഡ് പദ്ധതികൾക്കായി 2011-12 വർഷത്തിൽ 8480.95 ലക്ഷം രൂപയും 2012-13 വർഷത്തിൽ 1833.00 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇവയുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| മണ്ഡലം | 2011-12 (ലക്ഷം) | 2012-13(ലക്ഷം) |
|---|---|---|
| മഞ്ചേശ്വരം | 1254.30 | 603.00 |
| കാസർഗോഡ് | 4447.45 | 505.00 |
| ഉദുമ | 911.50 | 270.00 |
| കാഞ്ഞങ്ങാട് | 1025.60 | 217.00 |
| തൃക്കരിപ്പൂർ | 842.10 | 238.00 |

കെ.എസ്.ടി.പി.യിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ റോഡ് സുരക്ഷാപദ്ധതി പ്രകാരം ചേർക്കള-ജൽസൂർ റോഡിന് 68.57 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 53,41,422/- രൂപയുടെ വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം മണ്ഡലത്തിൽ 7.89 കോടി രൂപയുടെയും (ദേശീയപാതാ 29/000 മുതൽ 41/000), കാസർഗോഡ് ഉദുമ മണ്ഡലത്തിൽ (ദേശീയപാതാ കി.മീ. 58/000 മുതൽ 68/000 വരെ) 3.44 കോടി രൂപയുടെയും ഉപരിതലം പുതുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം, വികസനം, അറ്റകുറ്റപ്പണി എന്നിവയ്ക്ക് സ്ഥലം എം.എൽ.എ യിൽ നിന്നും ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഉണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പുള്ളിക്കര-കുറ്റിക്കോൽ റോഡിൽ കി.മീ.0/500 ൽ പയ്യാച്ചേരി പാലം നിർമ്മാണം -135.00 ലക്ഷം രൂപ

(സി) മണ്ഡലത്തിൽ മറ്റാരെങ്കിലും ആവശ്യപ്പെട്ടതനുസരിച്ച് ഏതെങ്കിലും റോഡ് നവീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് മണ്ഡലത്തിലെ റോഡ് വികസനത്തിന്റെ ആവശ്യകതയുടെ മുൻഗണനാക്രമമനുസരിച്ചാണോ; വിശദമാക്കുമോ ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ